പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6154 | 10.7.2012-ൽ മറുപടിയ്ക്ക്

നാളികേര കൃഷിക്ക് ആനുകൂല്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | നാളികേര കൃഷിക്ക് സർക്കാർ നിലവിൽ ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | കുട്ടനാട് പാക്കേജ് ഇടുക്കി പാക്കേജ് എന്നിവയിലും തെങ്ങ് കൃഷി വികസന പദ്ധതികൾ നടപ്പിലാക്കുന്നു. കൂടാതെ സംയോജിത നാളികേര വികസന പദ്ധതി, തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി, ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ വിതരണം എന്നിവയും നടപ്പിലാക്കി വരുന്നു |
| (സി) | നിലവിൽ എത്ര രൂപയാണ് സബ്സിഡിയായി ഒരു ഏക്കറിന് നൽകുന്നത്? | (സി) | കേരശ്രീ പദ്ധതിയിൽ ആദ്യവർഷം പരിപാലനത്തിന് ഹെക്ടറിനു 17500 രൂപ സബ്സിഡി എന്ന ക്രമത്തിൽ ഏക്കറിന് 7000 രൂപയും രണ്ടാം വർഷം പരിപാലനത്തിന് ഹെക്ടറിന് 9100 രൂപ എന്ന ക്രമത്തിൽ ഏക്കറിന് 3640 രൂപ സബ്സിഡിയും നൽകുന്നു. നാളികേര വികസന ബോർഡിന്റെ സംയോജിത നാളികേര വികസന പദ്ധതിയിൽ രണ്ടുവർഷവും ഹെക്ടറിന് 17500 രൂപ ക്രമത്തിൽ ഏക്കറിന് 7000 സബ്സിഡിയായി നൽകുന്നു.<br>കുട്ടനാട് ഇടുക്കി പാക്കേജുകളിൽ നാളികേര കൃഷി വികസനത്തിനായി ഏക്കറിന് 3000 രൂപ സബ്സിഡി നൽകുന്നു. |

സെക്ഷൻ ഓഫീസർ